Mobile/ Whatsapp: +9194959 98258
Website:http://www.kwa.kerala.gov.in

Tel: 0471 2738300
Consumer Helpline Number
**1916 [24X7] [Toll Free]**
1916cckwa@gmail.com

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. 15554/N1(NPS)/2021/കെ ഡബ്ല്യൂ എ

തീയതി: 01.11.2022

**സർക്കുലർ**

വിഷയം:- ദേശീയ പെൻഷൻ പദ്ധതി - സർവീസിൽ പ്രവേശിച്ച് ദേശീയ പെൻഷൻ പദ്ധതിയിൽ അംഗത്വം ലഭിക്കാത്ത ജീവനക്കാർക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കുന്നത് സംബന്ധിച്ച്.

സൂചന :- 1. 07/01/2013 തീയതിയിലെ സ.ഉ.(പി) നം .20/2013/ധന.
2. 19/12/2013 തീയതിയിലെ സ.ഉ.(പി) നം .622/2013/ധന.
3. 26/10/2022 തീയതിയിലെ പരിപത്രം നം.89/2022/ധന.

01-04-2013 നോ അതിനു ശേഷമോ സർവീസിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കിക്കൊണ്ട് സൂചന ഒന്ന് പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സർവീസിൽ പ്രവേശിക്കുന്ന ജീവനക്കാരുടെ ദേശീയ പെൻഷൻ പദ്ധതി രജിസ്ട്രേഷൻ നടപടികൾ അവർ സർവീസിൽ പ്രവേശിച്ച് 30 ദിവസത്തിനകം പൂർത്തീകരിക്കേണ്ടത് അതാത് ഡി.ഡി.ഓ. മാരുടെ ചുമതലയാണെന്ന് സൂചന രണ്ട് ഉത്തരവ് പ്രകാരവും നിഷ്കർഷിച്ചിരുന്നു. എന്നിരുന്നാലും ജീവനക്കാർക്ക് എൻ.പി.എസ് രജിസ്ട്രേഷൻ നിസ്സാര കാരണങ്ങളാൽ വൈകുന്ന രീതി തുടർന്ന് വരുന്നു. പദ്ധതി ബാധകമായ ജീവനക്കാരൻ രജിസ്ട്രേഷൻ ലഭിക്കാതെ മരണപ്പെട്ടാൽ ടിയാളുടെ അവകാശികൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കാത്ത സാഹചര്യമുണ്ടാകുന്നത് ഏറെ ഗൗരവതരമാണ്.

ആയതിനാൽ ദേശീയ പെൻഷൻ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെട്ട നിലവിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള ജീവനക്കാരിൽ നാളിതുവരെ രജിസ്ട്രേഷൻ നടപടി പൂർത്തീകരിക്കാത്തവരുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുന്നതിനുള്ള സമയപരിധി 2022 നവംബർ 30 വരെയായി സൂചന മൂന്ന് പ്രകാരം നിജപ്പെടുത്തിയിരിക്കുന്നു. നാളിതുവരെ എൻ.പി.എസ് രജിസ്ട്രേഷൻ പൂർത്തീകരിക്കാത്തവരുടെ സബ്സ്ക്രിപ്ഷൻ ഫോം ബന്ധപ്പെട്ട രേഖകൾ സഹിതം 20/11/2022-നു മുൻപ് "NPS CELL, 9TH FLOOR,

Draft #4 of File 15554/N1(NPS)/2021/KWA Approved by Finance Manager & Chief Accounts Officer on 01-Nov-2022 01:55 PM - Page 1

CCU BUILDING, JALA BHAVAN, KERALA WATER AUTHORITY, VELLAYAMBALAM, THIRUVANANTHAPURAM 695033." എന്ന വിലാസത്തിൽ ലഭിക്കുന്നതിനുള്ള നടപടി ഡി.ഡി.ഓ മാർ നിർബന്ധമായും കൈക്കൊള്ളേണ്ടതാണ്. രജിസ്ട്രേഷൻ നടപടികൾ നിർദിഷ്ട സമയപരിധിക്കകം പൂർത്തീകരിക്കേണ്ടത് ബന്ധപ്പെട്ട ഡി.ഡി.ഓ മാരുടെ ഉത്തരവാദിത്തമായിരിക്കും. ഇത് സംബന്ധിച്ച നടപടി റിപ്പോർട്ട് എല്ലാ ഡി.ഡി.ഓ.മാരും 15-12-2022-നകം എൻ.പി.എസ് സെല്ലിൽ സമർപ്പിക്കുവാനും നിർദ്ദേശം നൽകുന്നു.

**ഷിജിത്ത് വി**

ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ

സ്വീകർത്താവ്

എല്ലാ ഡി.ഡി.ഓ മാർക്കും

ഉള്ളടക്കം

26/10/2022 തീയതിയിലെ പരിപത്രം നം.89/2022/ധന.

പകർപ്പ്:-

ഇ.ഇ ടു മാനേജിങ് ഡയറക്ടർ / ചീഫ് എഞ്ചിനീയർ (എച്.ആർ.ഡി & ജനറൽ)

Draft #4 of File 15554/N1(NPS)/2021/KWA Approved by Finance Manager & Chief Accounts Officer on 01-Nov-2022 01:55 PM - Page 2

The document is digitally approved. Hence signature is not needed.

Draft #4 of File 15554/N1(NPS)/2021/KWA Approved by Finance Manager & Chief Accounts Officer on 01-Nov-2022 01:55 PM - Page 3

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**
**ധനകാര്യ (എൻ.പി.എസ് സെൽ) വകുപ്പ്**

നം. 89/2022/ധന                                    തിരുവനന്തപുരം, തീയതി :26/10/2022

**പരിപത്രം**

വിഷയം:- ദേശീയ പെൻഷൻ പദ്ധതി-സർവ്വീസിൽ പ്രവേശിച്ച് ദേശീയ പെൻഷൻ പദ്ധതിയിൽ അംഗത്വം ലഭിക്കാത്ത ജീവനക്കാർക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ രജിസ്ട്രേഷൻ നടപടി പൂർത്തീകരിക്കുന്നതിന് അനുമതി നല്കുന്നത് -സംബന്ധിച്ച്

സൂചന:- 1. 07/01/2013 തീയതിയിലെ സ.ഉ (പി) നം.20/2013/ധന
2. 19/12/2013 തീയതിയിലെ സ.ഉ(പി) നം.622/2013/ധന

01/04/2013 നോ അതിന് ശേഷമോ സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കിക്കൊണ്ട് സൂചന (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാരുടെ ദേശീയ പെൻഷൻ പദ്ധതി രജിസ്ട്രേഷൻ നടപടികൾ, അവർ സർവ്വീസിൽ പ്രവേശിച്ച് 30 ദിവസത്തിനകം പൂർത്തീകരിക്കേണ്ടത് അതാത് ഡി.ഡി.ഒ മാരുടെ ചുമതലയാണെന്ന് സൂചന (2) ഉത്തരവ് പ്രകാരവും നിഷ്കർഷിച്ചിരുന്നു. എന്നിരുന്നാലും ജീവനക്കാർക്ക് എൻ.പി.എസ് രജിസ്ട്രേഷൻ നിസ്സാര കാരണങ്ങൾ ചൂണ്ടിക്കാട്ടി വൈകിപ്പിക്കുന്ന രീതി ഡി.ഡി.ഒ മാർ ഇപ്പോഴും തുടർന്നു വരുന്നുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിവിധ കാരണങ്ങളാൽ ജീവനക്കാരുടെ രജിസ്ട്രേഷൻ യഥാസമയം പൂർത്തിയാക്കാതിരിക്കുന്നത് സംസ്ഥാനത്ത് ദേശീയ പെൻഷൻ പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് തടസ്സമുണ്ടാക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതി ബാധകമായ ജീവനക്കാരൻ രജിസ്ട്രേഷൻ ലഭിക്കാതെ മരണപ്പെട്ടാൽ ടിയാളുടെ അവകാശികൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കാത്ത സാഹചര്യമുണ്ടാകുന്നത് ഏറെ ഗൗരവതരമാണ്. ആയതിനാൽ, NPS രജിസ്ട്രേഷൻ നാളിതുവരെ പൂർത്തിയാക്കാത്തതും, അംഗത്വം നേടുന്നതിന് ധനവകുപ്പിന്റെ അനുമതിക്കായി ലഭിക്കുന്ന അപേക്ഷകരുടെ ബാഹുല്യവും കണക്കിലെടുത്ത് ദേശീയ പെൻഷൻ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെട്ട നിലവിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള ജീവനക്കാരിൽ നാളിതുവരെ രജിസ്ട്രേഷൻ നടപടി പൂർത്തീകരിക്കാത്തവരുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുന്നതിനുള്ള സമയപരിധി **2022 നവംബർ 30** വരെയായി നിജപ്പെടുത്തിയിരിക്കുന്നു. ടി സമയ പരിധിക്കുള്ളിൽ രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കുന്നതിന് ധനവകുപ്പിന്റെ അനുമതി ആവശ്യമില്ല. രജിസ്ട്രേഷൻ നടപടികൾ നിർദ്ദിഷ്ട സമയപരിധിക്കകം പൂർത്തീകരിക്കേണ്ടത് ബന്ധപ്പെട്ട ഡി.ഡി.ഒ മാരുടെ ഉത്തരവാദിത്തമായിരിക്കും. ഈ വിഷയത്തിൽ ഇനിയും വീഴ്ച

വരുത്തുന്ന ഡി.ഡി.ഒ മാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. ഇതു സംബന്ധിച്ച നടപടി റിപ്പോർട്ട് എല്ലാ ഓഫീസ് മേധാവികളും 31.12.2022 നം വകുപ്പ് തലവൻമാർക്ക് സമർപ്പിക്കുവാനും നിർദ്ദേശം നല്കുന്നു.

**ഷിബു.എ**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്:

ഡയറക്ടർ(സർവ്വീസസ്),ഡിപ്പാർട്ട്മെന്റ് ഓഫ് പേഴ്സണൽ ആൻഡ് ട്രെയിനിങ്ങ്, മിനിസ്ട്രി ഓഫ് പേഴ്സണൽ,പബ്ലിക് ഗ്രിവൻസസ് ആൻഡ് പെൻഷൻ ,ഗവണ്മെന്റ് ഓഫ് ഇന്ത്യ, നോർത്ത് ബ്ലോക്ക്, സെൻട്രൽ സെക്രട്ടറിയേറ്റ്, ന്യൂഡൽഹി-110 001

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-1 ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-II ), കേരള, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം

ധനകാര്യ(പെൻഷൻ-എ)വകുപ്പ്

മുഴുവൻ ജില്ലാ/സബ് ട്രഷറി ഓഫീസർമാർക്കും

എല്ലാ വകുപ്പ് മേധാവികൾക്കും

സ്റ്റേറ്റ് നോഡൽ ഓഫീസർ www.finance.kerala.gov.in

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, എറണാകുളം

ചീഫ് സെക്രട്ടറി, കേരള സർക്കാർ

സർക്കാരിന്റെ എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ /പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ /ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ

Draft #4 of File 15554/N1(NPS)/2021/KWA Approved by Finance Manager & Chief Accounts Officer on 01-Nov-2022 01:55 PM - Page 4

ഗവർണറുടെ സെക്രട്ടറി, രാജ്ഭവൻ,തിരുവനന്തപുരം

സ്പീക്കറുടെ/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി, കേരള നിയമസഭ

സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം

സെക്രട്ടറി, കേരള സംസ്ഥാന വനിതാ കമ്മീഷൻ, തിരുവനന്തപുരം

മുഖ്യമന്ത്രിയുടെ/മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറി

പ്രതിപക്ഷനേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം

മുഖ്യ വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം

സെക്രട്ടറിയേറ്റിലെ മുഴുവൻ വകുപ്പുകൾക്കും

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

Draft #4 of File 15554/N1(NPS)/2021/KWA Approved by Finance Manager & Chief Accounts Officer on 01-Nov-2022 01:55 PM - Page 5